17720/15

B2

9/9/15

9/8/9

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും ആശുപത്രി അറ്റൻഡന്റുമാരുടെയും യൂണിഫോം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ(കൈ)നം. 124/2015/തൊഴിൽ തിരുവനന്തപുരം, തീയതി: 04-09-2015

---

പരാമർശം:- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 25/02/2015, 20/06/2015 തീയതികളിലെ ബി2-2005/2015/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും ആശുപത്രി അറ്റൻഡന്റുമാരുടെയും യൂണിഫോം പരിഷ്ക്കരിച്ച് നൽകണമെന്ന് പരാമർശിത കത്തുകൾ മുഖേന ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പിരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ജീവനക്കാരുടെ യൂണിഫോം താഴെപറയുന്ന രീതിയിൽ പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

1.നഴ്സിംഗ് അസിസ്റ്റന്റ് - കറുത്ത ബോർഡറോടു കൂടിയ വെള്ള സാരി
അല്ലെങ്കിൽ
വെള്ള ചുരിദാറും കറുത്ത ഷോളും

2. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I - ചുവന്ന ബോർഡറുള്ള വെള്ള സാരി
അല്ലെങ്കിൽ
വെള്ള ചുരിദാറും ചുവന്ന ഷോളും

3. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II - നീല ബോർഡറുള്ള വെള്ള സാരി
അല്ലെങ്കിൽ
വെള്ള ചുരിദാറും നീല ഷോളും

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സി.എം. അജയമോഹൻ,
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, എറണാകുളം
ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, കോഴിക്കോട്
ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, കൊല്ലം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം